സ്ത്രീകൾക്കുള്ള പെൻഷൻ 9 കോടി 77 ലക്ഷം രൂപ, വികലാംഗ പെൻഷൻ 46 കോടി 27 ലക്ഷം രൂപ. ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററർ, ഇതിൽ എ.ഡി.ബി.-യും ലോക ബാങ്കുമൊന്നും ഇല്ല. ആവശ്യമില്ലാതെ വെറുതെ സായ്പന്മാരെ ദിവസവും വിളിച്ചു കൊണ്ടുവരേണ്ട കാര്യമില്ല. വേണമെന്നുവച്ചാൽ പറഞ്ഞു കൊള്ളുക. അവരോട് സ്നേഹവും പ്രേമവുമുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക. അവർക്കതിൽ യാതൊരു പങ്കുമില്ല. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്. ഓണത്തിനുമുൻപ് ക്ഷേമപെൻഷനുകളുടെ ഒരു ഗഡുകൂടി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ഈ വർഷം ഇത്തരം ക്ഷേമ പദ്ധതികൾക്കു വേണ്ടി 240 കോടി രൂപ വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നമ്മുടെ ബഡ്ജറ്റ് സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ 240 കോടി രൂപ ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉൾക്കൊള്ളിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : അതിന് ബാക്കി വന്നിരിക്കുന്നത് കൊടുത്തു തീർക്കുകയും ഇപ്പോൾ അപ്-ടു-ഡേറ്റ് ആക്കിക്കൊണ്ടു വരികയുമാണ്. പാവങ്ങളോട് കരുണ കാണിച്ചുകൊണ്ട് ഇത് അപ്-ടു-ഡേറ്റ് ആക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന് തീർച്ചയായും പരിഗണന കൊടുക്കുന്നതാണ്.

(2) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരുന്നവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി ദീർഘകാലം സേവനമനുഷ്ഠിച്ച നിരവധി പേർ ഇന്ന് അനാഥരായി കഴിയുകയാണ്. അവർ ഇന്ന് നാടിന്റെ വികസന കാര്യങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നവരുമാണ്. അവരിൽ പലരും പ്രായാധിക്യം കൊണ്ട് ജീവിക്കാൻ തന്നെ ബുദ്ധിമുട്ടുകയാണ്. രോഗം വന്നാൽ ചികിത്സിക്കാൻ പണമില്ലാതെ ധാരാളം മുൻ പഞ്ചായത്ത് മെമ്പർമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, കൗൺസിലർമാർ എന്നിവരൊക്കെ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവരിന്ന് സജീവമായി നിൽക്കുന്നവരുമാണ്. അവർക്ക് ജീവിക്കാൻ ഒരു മാർഗ്ഗവുമില്ല. ഈ സംസ്ഥാനത്ത് എല്ലാ വിഭാഗം ആൾക്കാർക്കും ക്ഷേമ പെൻഷനുകളുണ്ട്. പക്ഷേ പഞ്ചായത്ത് മെമ്പർമാരും കൗൺസിലർമാരും ആയിരുന്നവർക്ക് ഒരു വിധ ക്ഷേമപദ്ധതികളോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും സർക്കാർ ചെയ്യുന്നില്ല. അവർ പ്രവർത്തിച്ചിരുന്ന കാലത്ത് പ്രവർത്തിച്ചു. അത് കഴിയുമ്പോൾ അവർ എങ്ങോട്ടുപോയി എന്നുപോലും സമൂഹം ശ്രദ്ധിക്കാറില്ല. ഇത്തരം ദയനീയ സ്ഥിതിയിലുള്ള മുൻ പഞ്ചായത്ത് മെമ്പർമാരുടേയും,

LIBRARY ARCHIVES Kerala Legislative Assembly

മുൻ കൗൺസിലർമാരുടേയും കാര്യത്തിലാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ, അദ്ദേഹം മുൻ ജില്ലാ പഞ്ചായത്ത് മെമ്പറാണ്. അദ്ദേഹത്തിന്റെ ഭാര്യ ഇപ്പോൾ ചെങ്കുളം പഞ്ചായത്ത് ചെയർപേഴ്സൺ ആണ്. നാളെ അവർ മുൻ പ്രസിഡന്റാകും. ബഹുമാനപ്പെട്ട മന്ത്രിക്കു തന്നെ ഇത് അനുവദിക്കാതെ വീട്ടിൽ കയറാൻ സാധിക്കില്ല. അതുകൊണ്ട് മുൻ മെമ്പർമാരുടെ കാര്യം അനുഭാവ പൂർവ്വം പരിഗണിച്ച് അവർക്കുവേണ്ടി ക്ഷേമ പെൻഷൻ പദ്ധതി ഗവൺമെന്റ് കൊണ്ടുവരണം, പെൻഷൻ നൽകണം. മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ എന്നു പറയുന്നവർ മുഖായിരത്തിൽ താഴെയേയുള്ളൂ. അവർക്കെങ്കിലും പെൻഷൻ അനുവദിക്കണം. അവർക്ക് ഐഡന്റിറ്റി കാർഡ് ഇല്ല. മുൻ പഞ്ചായത്ത് മെമ്പർമാർ എന്ന നിലയിൽ അവർ പൊതുജന ആവശ്യത്തിന് സെക്രട്ടേറിയറ്റിൽ പോയാൽ അവരെ അകത്തേയ്ക്ക് കയറ്റി വിടില്ല. അവർക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റ് ഉണ്ടാക്കണം. അതുപോലെ സർക്കാർ ആശുപത്രിയിൽ ഏതെങ്കിലും രോഗികളെ കാണാൻ പോയാൽ അവരെ സെക്യൂരിറ്റിക്കാർ അകത്തേയ്ക്ക് കയറ്റില്ല. അവർക്ക് ഓഫീസുകളിൽ കയറാൻ വേണ്ടി പൊതുപ്രവർത്തന രംഗത്ത് സജീവമായി നിൽക്കുന്ന മുൻ ജനപ്രതിനിധികൾക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ തന്നെ സാമൂഹ്യ ചികിത്സാ പദ്ധതിയിൽ ഇവരെകൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ ഒരു മുൻ കൗൺസിലർ റോഡിൽ കിടന്നാണ് മരിച്ചത്. മുൻ കോർപ്പറേഷൻ കൗൺസിലറും ദീർഘകാലം നന്തൻകോട് വാർഡിനെ പ്രതിനിധീകരിച്ച ശ്രീ. ആർ.സി. ദാസ് ചികിത്സിക്കാൻ മാർഗ്ഗമില്ലാതെ, നോക്കാൻ ആളില്ലാതെ റോഡിൽ കിടന്ന് മരിക്കാൻ ഇടയായി. അത്തരം ദയനീയ സ്ഥിതി ഇനിയുള്ളവർക്കെങ്കിലും ഉണ്ടാകാതിരിക്കാൻ ഒരു പദ്ധതി കൊണ്ടുവരണം. അതിന് സർക്കാർ ഫണ്ടിൽ നിന്ന് പണം കൊടുക്കേണ്ട. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അവരുടെ ഫണ്ടിൽ നിന്ന് ഈ പെൻഷൻ കൊടുക്കും. അവർ വരുമാനം ഉണ്ടാക്കിക്കൊള്ളും. ഗവൺമെന്റിന് ബാധ്യത വരുന്നില്ല. അതുകൊണ്ട് ഇത് ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :സർ, ബഹുമാനപ്പെട്ട വിജയകുമാറിന്റെ പ്രയാസം മനസ്സിലാക്കുന്നു. അദ്ദേഹം അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ വളരെ ഗൗരവമായി തന്നെ കാണുന്നു. 1992 -1993 മുതൽ 1995 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായിരുന്നവരുടെ കണക്ക് എടുക്കുമ്പോൾ ഇന്ന് ജീവിച്ചിരിക്കുന്നവർ ഏതാണ്ട് 60,000-ൽ അധികം വരും. ഇത്രയും പേർക്ക് പെൻഷൻ ആനുകൂല്യം സർക്കാരിൽ നിന്ന് നൽകുന്നതിന് ഭീമമായ തുക വേണ്ടി വരും. ഈ പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിന് വേണ്ടിവരുന്ന ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കും. എന്നിരുന്നാലും അതിനുള്ള തുക കണ്ടെത്താൻ ഇന്നത്തെ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയാസമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ധനകാര്യ വകുപ്പിലെ റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ.ജി. സുകുമാരൻ പിള്ളയെ 10-10-2001-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയുണ്ടായി. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് പഠിച്ചശേഷം പെൻഷൻ പദ്ധതി പ്രായോഗികമല്ല എന്നാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത്. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയും നഗരവികസന സെക്രട്ടറിയും ഇതേ അഭിപ്രായം തന്നെയാണ് പ്രകടിപ്പിച്ചത്. ഈ പദ്ധതി തൽക്കാലം നടപ്പിലാക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തു. മുൻ ജനപ്രതിനിധികൾക്ക് സൗജന്യ യാത്രാ സൗകര്യവും സൗജന്യ ചികിത്സാ സൗകര്യവും നടപ്പിലാക്കുക എന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടാണ്. മുൻ മെമ്പർമാരുടെ പൂർണ്ണമായ വിവരമടങ്ങിയ തിരിച്ചറിയൽ കാർഡ് അനുവദിക്കുക എന്നുള്ള ആവശ്യം പരിഗണിക്കാൻ പ്രയാസമാണ് എന്നുള്ളത് അറിയിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് 991 പഞ്ചായത്തുകളും 53 മുനിസിപ്പാലിറ്റികളും അഞ്ച് കോർപ്പറേഷനുകളുമുണ്ട്. അതിനു പുറമെ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളുമുണ്ട്. ഈ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായിരുന്നവർക്ക് മുഴുവൻ ഇൻഷ്വറൻസ് പരിരക്ഷ എന്ന പദ്ധതി ഏറ്റെടുക്കാൻ സർക്കാരിന് ബുദ്ധിമുട്ടാണെന്ന് ഖേദപൂർവ്വം അറിയിക്കട്ടെ.

ശ്രീ. ബി. വിജയകുമാർ : ബഹുമാനപ്പെട്ട മന്ത്രി സ്വന്തം വീട്ടിലെ കാര്യം പോലും ആലോചിക്കാതെ തള്ളിക്കളഞ്ഞതിൽ പ്രയാസമുണ്ട്. ഫിനാൻസിലെ ഒരു അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി എന്നു പറഞ്ഞു. ഫിനാൻസുകാർ കുറി കൂടാതെ എന്തെങ്കിലും കാര്യം എഴുതുമോ? അവരെ തന്നെ ഇത് ഏൽപ്പിച്ചത് വളരെ കഷ്ടമാണ്. ബഹുമാനപ്പെട്ട മന്ത്രി, മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ മൂവായിരത്തിൽ താഴെ മാത്രമേയുള്ളു. ദയവുചെയ്ത് അവർക്കെങ്കിലും ആദ്യ പടിയായി പെൻഷൻ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നു പറയുന്ന എല്ലാവരും ഒരുപോലെയാണ്. കോർപ്പറേഷനിലെയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെയോ കൗൺസിലർമാർക്ക് മാത്രം കൊടുക്കണം എന്നു പറഞ്ഞാൽ മറ്റുള്ള സ്ഥാപനങ്ങളെ അവഗണിക്കുന്ന രീതിയിൽ വരും. അതുകൊണ്ട് പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly